"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം210/ഡിഡി2/2020/തസ്വഭവ തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ്

തിരുവനന്തപുരം,

തീയതി: 28/12/2020

**<u>സർക്കുലർ</u>**

വിഷയം:- തദ്ദേശസ്വയംഭരണവകുപ്പ്-മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ കരാർ ജീവനക്കാരുടെ നിയമനത്തിൽ സംവരണ തത്വം പാലിക്കുന്നതിൽ സ്പഷ്ടീകരണം നൽകി നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന:- 1. സ.ഉ.(കൈ) നം.41/2017/ത.സ്വ.ഭ. തീയതി 20.02.2017

2. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 11.12.2019-ലെ 314/സി1/17/ആർ.ഇ.ജി.എസ് നമ്പർ സർക്കുലർ

3. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 22.09.2020-ലെ 314/സി1/17/ആർ.ഇ.ജി.എസ് നമ്പർ കത്ത്

************************

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ ഗ്രാമ, ബ്ലോക്ക പഞ്ചായത്തുകളിലെ തസ്തികകളിൽ കരാർ നിയമനം നടത്തുന്നതിനുള്ള അധികാരം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ജില്ലാ ഓഫീസിൽ നിയമനം നടത്തുന്നതിനുള്ള അധികാരം ജില്ലാ പ്രോഗ്രാം കോർഡിനേറ്ററിലും നിക്ഷിപ്തമാണ്. ഇപ്രകാരമുള്ള കരാർ ജീവനക്കാരുടെ നിയമനത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സംവരണതത്വം പ്രകാരം നിയമനം നൽകുന്നതിന് സൂചന (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ആകെയുള്ള തസ്തികകളുടെ 8% പട്ടികജാതി വിഭാഗത്തിനും 2% പട്ടിക വർഗ്ഗ വിഭാഗത്തിനും സംവരണം ഉറപ്പാക്കാനാണ് ടി ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളത്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2011 സെൻസസിലെ എസ്.സി./എസ്.റ്റി ജനസംഖ്യയുടെ അടിസ്ഥാനമാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അവരോഹണ ക്രമത്തിൽ ലിസ്റ്റ് ചെയ്ത് സംവരണ തസ്തികകൾ നിശ്ചയിച്ച് സൂചന(2) പ്രകാരം മിഷൻ ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ പല തദ്ദേശ സ്ഥാപനങ്ങളിലും സംവരണത്തിനായി ഇപ്രകാരം മാറ്റി വച്ച തസ്തികകളിൽ സംവരണ വിഭാഗക്കാർക്ക് അവസരം നിഷേധിക്കപ്പെടുന്ന സാഹചര്യമുള്ളതായി ചൂണ്ടിക്കാട്ടി സംവരണ വിഭാഗങ്ങളെ പ്രതിനിധീകരിക്കുന്ന സംഘടനകൾ വിവിധ തലങ്ങളിൽ നിവേദനങ്ങൾ നൽകുകയും ബഹു.പട്ടിക ജാതി/പട്ടിക വർഗ്ഗ കമ്മീഷൻ ഇക്കാര്യത്തിൽ സർക്കാരിനോട് റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സംവരണം ചെയ്യപ്പെട്ട തസ്തികകളിൽ നിലവിൽ ജോലി ചെയ്യുന്നത് സംവരണം ചെയ്യപ്പെട്ട വിഭാഗത്തിലെ ജീവനക്കാരൻ അല്ലാത്തപക്ഷം, ടി തസ്തികയിൽ ഭാവിയിൽ സ്വാഭാവിക ഒഴിവു വരുന്ന മുറയ്ക്ക് (നിലവിൽ ഒഴിവുണ്ടെങ്കിലോ നിലവിൽ ഉള്ള ആളുടെ കരാർ പുതുക്കാതെ ഒഴിവാക്കപ്പെടുന്ന ഘട്ടത്തിലോ) ക്രമപ്രകാരം സംവരണം ചെയ്യപ്പെട്ട വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥിയെ നിയമിക്കുന്നതിന് മുൻഗണന നൽകി നടപടി സ്വീകരിക്കേണ്ടതാണ് എന്ന സൂചന (2) സർക്കുലർ ഖണ്ഡിക (2)-ലെ വ്യവസ്ഥ കാരണമാണ് സംവരണ നിയമനത്തിന് യോഗ്യത ഉള്ളവർ ഒഴിവാക്കപ്പെടുന്നതെന്ന് മനസിലാക്കുന്നു.

നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം പഞ്ചായത്തുകളിൽ നിലവിൽ ജോലിയെടുത്തു വരുന്ന

കരാർ ജീവനക്കാരുടെ കരാർ പുതുക്കൽ, റദ്ദാക്കൽ എന്നിവയ്ക്കുള്ള അധികാരി അതാത് പഞ്ചായത്തുകൾ ആയതിനാലും കരാർ തസ്തികകളിലെ തെരഞ്ഞെടുപ്പിനായി സർക്കാർ ഉത്തവ് പ്രകാരമുള്ള സമിതി രൂപീകരിച്ചിട്ടുള്ളതിനാലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരപരിധിയിൽ ഉള്ള ചുമതലകൾക്കെതിരായി മേൽ സർക്കുലറിലെ വ്യവസ്ഥകൾ വായിക്കപ്പെടാതിരിക്കുന്നതിനുവേണ്ടിയാണ് 'സ്വാഭാവിക ഒഴിവു വരുന്ന മുറയ്ക്ക്' എന്ന വിശദീകരണം നൽകിയത് എന്ന് ദേശീയ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ സൂചന (3) കത്ത് പ്രകാരം അറിയിക്കുകയുണ്ടായി.

മേൽ വിവരിച്ച സാഹചര്യത്തിൽ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ കരാർ ജീവനക്കാരെ നിയമിക്കുമ്പോൾ പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് സംവരണം ഉറപ്പാക്കുന്നതിന് വേണ്ടി ചുവടെ പറയും പ്രകാരം സ്പഷ്ടീകരണം നൽകുന്നു.

(a) നിലവിൽ സംവരണ തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ കരാർ കാലാവധി കഴിയുന്ന മുറയ്ക്ക് ടി തസ്തികകളിൽ അതാത് സംവരണ വിഭാഗത്തിൽ നിന്നുള്ളവരെ മാത്രം നിയമിക്കാൻ എല്ലാ തദ്ദേശ സ്ഥാപനങ്ങളും ശ്രദ്ധിക്കേണ്ടതാണ്.

(b) സംവരണ വിഭാഗക്കാരുടെ അഭാവത്തിൽ സംവരണ തസ്തികകളിൽ ഇതര വിഭാഗക്കാരെ നിയമിക്കേണ്ടി വന്നാൽ ടിയാരെ രണ്ട് വർഷ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് പകരം താൽക്കാലിക നിയമനം മാത്രം നൽകി ടി തസ്തിക സംവരണ വിഭാഗക്കാരുടെ നിയമനത്തിനായി ഒഴിച്ചിടേണ്ടതാണ്.

**ബിജുക്കുട്ടൻ എം എസ്**
**അഡിഷണൽ സെക്രട്ടറി**

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAMN
Date: 2020.12.28 11:33:56 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്

- മിഷൻ ഡയറക്ടർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
- ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
- പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
- എല്ലാ ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ/ ജില്ലാ കളക്ടർമാർക്കും
- എല്ലാ ഗ്രാമ/ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
- എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
- പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
- വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.
- ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
- സ്റ്റോക്ക് ഫയൽ